നം. ക്യൂ.ഐ.പി/1/97/2020/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 16.04.2020

## സർക്കുലർ

**വിഷയം :–പൊതുവിദ്യാഭ്യാസം – അവധിക്കാല സന്തോഷങ്ങൾ – വിനോദത്തിലൂടെ കണ്ടും കേട്ടും വായിച്ചും ചെയ്തും രസകരമായി ഓൺലൈൻ പഠനസംവിധാനങ്ങൾ പ്രയോജനപ്പെടുത്തു ന്നത് സംബന്ധിച്ച നിർദേശ ങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:– സ. ഉ. (സാധാ) നം 3847/2019/ പൊ. വി. വ തീയതി 27.09.2019.

കോവിഡ് 19 ബാധയെതുടർന്നുള്ള മുൻകരുതലുകളുടെ ഭാഗമായി സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിക്കുകയും സ്കൂളുകൾക്ക് 2020 മാർച്ച് 11 മുതൽ അവധി നൽകുകയും ചെയ്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് പഠന സമയം നഷ്ടപ്പെടുകയും വീടുകളിൽ നിന്ന് പുറത്ത് പോകാനും കളികളിൽ ഏർപ്പെടാനുമുള്ള അവസരം കുറയുകയും ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കുട്ടികളുടെ മാനസിക സമ്മർദ്ദം കുറക്കുന്നതിനും വിനോദത്തിലൂടെ രസകരമായി പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും 'സമഗ്ര' വിഭവപോർട്ടലിലും, കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലും കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടോക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) പ്രത്യേക സംവിധാനം എസ്.സി.ഇ.ആർ.ടിയുമായി ആലോചിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലും പ്രവർത്തിക്കുന്ന പഠന സാമഗ്രികൾ തയ്യാറാക്കി **കുട്ടികൾക്കുള്ള റിസോഴ്സുകൾ (e-Resources for Kids), പഠനവിനോദങ്ങൾ (Edutainment)** എന്നീ പേരുകളിൽ 'സമഗ്ര'പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പൊതുപ്രവേശന പരീക്ഷയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഉൾപ്പെടെയുള്ള സ്കൂൾ കുട്ടികൾക്കായി പ്രത്യേക പരിപാടികളും കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ഈ സൗകര്യങ്ങൾ പരമാവധി കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 'സമഗ്ര' ഡിജിറ്റൽ വിഭവപോർട്ടലിൽ (***samagra.kite.kerala.gov.in***) **'അവധിക്കാല സന്തോഷങ്ങൾ'** എന്നപേരിൽ 5 മുതൽ 9 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന വിഭവങ്ങൾ പരമാവധി കുട്ടികളിൽ എത്തിക്കേണ്ടതാണ്. അതിനായി എല്ലാ അധ്യാപകരും (ക്ലാസ് ചുമതലയുള്ള അധ്യാപകർ പ്രത്യേകിച്ചും) പ്രസ്തുത വിഭവങ്ങൾ പരിചയപ്പെടേണ്ടതും ഇക്കാര്യം സംബന്ധിച്ച അറിയിപ്പ് കുട്ടികൾക്ക് (വാട്സാപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെ സംവിധാനങ്ങൾ ഉപയോഗിച്ച്) നൽകേണ്ടതുമാണ്.

2. ഓരോ സ്കൂളിലേയും എല്ലാ അധ്യാപകരും ഈപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും പരമാവധി കുട്ടികൾക്ക് ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും അതത് പ്രഥമാധ്യാപകർ പ്രത്യേക നിർദ്ദേശം നൽകേണ്ടതും അത് ഉറപ്പുവരുത്തേണ്ടതുമാണ്.

3. 'സമഗ്ര' പോർട്ടലിൽ 'അവധിക്കാല സന്തോഷങ്ങൾ' എന്ന ലിങ്കിൽ **കുട്ടികൾക്കുള്ള റിസോഴ്സുകൾ (e-Resources for Kids), പഠനവിനോദങ്ങൾ (Edutainment)** എന്നീ പേരുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉള്ളടക്കത്തെ അടിസ്ഥാനമാക്കി നിലവിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നതിനുള്ള സഹായവും മാർഗ്ഗനിർദ്ദേശങ്ങളും കുട്ടികൾക്ക് നൽകുന്നതിനും അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. ഓൺലൈനിൽ ലഭ്യമാക്കിയിരിക്കുന്ന പഠനവിഭവങ്ങൾ നിലവിൽ പ്രയോജനപ്പെടുത്തുന്നതിന് സൗകര്യമില്ലാത്ത കുട്ടികൾക്ക് പിന്നീട് ഇതിനുള്ള സൗകര്യം വിദ്യാലയങ്ങളിൽ ഒരുക്കേണ്ടതാണ്.

5. സൂചനപ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 10 പ്രകാരം എസ്.സി.ഇ.ആർ.ടി യും കൈറ്റും സംയുക്തമായി അംഗീകരിച്ച ഉള്ളടക്കം മാത്രമെ കുട്ടികളുടെ പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താൻ പാടുള്ളൂഎന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ സ്വകാര്യ സ്ഥാപനങ്ങളോ വ്യക്തികളോ തയ്യാറാക്കിയ ഉത്പന്നങ്ങൾ വിദ്യാഭ്യാസവകുപ്പിന്റെ പ്രത്യേക അനുമതികൂടാതെ അധ്യാപകർ കുട്ടികൾക്കോ രക്ഷിതാക്കൾക്കോ നൽകാൻ പാടില്ല. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. സൂചനയിലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 15 പ്രകാരം കുട്ടികളുടെ സ്വകാര്യ വിവരങ്ങൾ പങ്കുവെക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ വിദ്യാലയങ്ങളിൽ നിന്നോ, അധ്യാപകർ മുഖേനയോ ഇത്തരം കാര്യങ്ങൾ കൈമാറാൻ പാടുള്ളതല്ല. ഇത് അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതുമാണ്.

7. സ്കൂൾ കുട്ടികൾക്കുവേണ്ടി പ്രത്യേക പഠനപ്രവർത്തനങ്ങളും പ്രോഗ്രാമുകളും പൊതുപ്രവേശന പരീക്ഷയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്കുള്ള പ്രത്യേക പരിപാടികളും കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. വിക്ടേഴ്സ് പരിപാടികൾ ഓൺലൈനിലും (***victers.kite.kerala.gov.in***) ലഭ്യമാണ്. വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്ന പരിപാടികൾ കാണുന്നതിനും വിശദാംശങ്ങൾ കുട്ടികളിലെത്തിക്കുന്നതിനും എല്ലാ അധ്യാപകരും ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ്,അംഗീകൃത അൺഎയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും } വെബ്സൈറ്റ് മുഖേന

പകർപ്പ്

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
സ്റ്റോക്ക്ഫയൽ